പതിനാലാം കേരള നിയമസഭ

പത്തൊൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1196

05-03-2020 ൽ മറുപടി നൽകേണ്ടിയിരുന്നത്

പാട്ടവ്യവസ്ഥ ലംഘിച്ച ഭൂമി തിരിച്ചെടുക്കൽ

**ചോദ്യം**

ശ്രീ. മഞ്ഞളാംകുഴി അലി:

(എ) പാട്ടവ്യവസ്ഥ ലംഘിച്ച എത്ര ഏക്കർ സ്ഥലമാണ് ഈ സർക്കാർ തിരിച്ചെടുത്തിട്ടുള്ളത്; വ്യവസ്ഥകൾ ലംഘിച്ച എത്ര ഏക്കർ സ്ഥലം ഇനി തിരിച്ചെടുക്കാനുണ്ട്; വിശദാംശം ലഭ്യമാക്കുമോ;

(ബി) നാളിതുവരെയായി പാട്ടക്കുടിശ്ശിക ഇനത്തിൽ എത്ര രൂപയാണ് പിരിഞ്ഞുകിട്ടാനുള്ളത്; ഇതിൽ പിരിച്ചെടുക്കാവുന്ന തുക എത്രയാണ്; വിശദാംശം ലഭ്യമാക്കുമോ;

**മറുപടി**

ശ്രീ. ഇ. ചന്ദ്രശേഖരൻ

(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)

(എ) ജില്ല തിരിച്ചുള്ള വിവരങ്ങൾ അടങ്ങിയ പട്ടിക ചുവടെ ചേർക്കുന്നു.

| ജില്ല | പാട്ടവ്യവസ്ഥ ലംഘിച്ചതിനാൽ തിരിച്ചെടുത്ത ഭൂമി (ഹെക്ടറിൽ) | പാട്ടവ്യവസ്ഥ ലംഘിച്ചതിനാൽ തിരിച്ചെടുക്കാനുള്ള ഭൂമി (ഹെക്ടറിൽ) |
|---|---|---|
| തിരുവനന്തപുരം | 2.060729 | 0.3329 |
| കൊല്ലം | 0.87728 | 0 |
| പത്തനംതിട്ട | 6.04984 | 0 |
| ആലപ്പുഴ | 6.16880 | 0.8149 |
| കോട്ടയം | 1.24950 | 0.1094 |
| ഇടുക്കി | 0.90495 | 39.4177 |
| എറണാകുളം | 5.44800 | 16.5978 |
| തൃശ്ശൂർ | 12.37650 | 0 |
| പാലക്കാട് | 0.09930 | 0 |
| മലപ്പുറം | 0 | 0 |
| കോഴിക്കോട് | 0 | 0 |
| വയനാട് | 0.02630 | 0 |
| കണ്ണൂർ | 0.04047 | 0.00202 |
| കാസറഗോഡ് | 0 | 0 |
| **ആകെ** | **35.3016** | **57.2747** |

(ബി) ഉദ്ദേശം 1155 കോടി രൂപയാണ് പാട്ടകുടിശ്ശികയായി പിരിഞ്ഞ് കിട്ടാനുള്ളത്. ജില്ല തിരിച്ചുള്ള പട്ടിക ചുവടെ ചേർക്കുന്നു.

| ജില്ല | കുടിശ്ശിക തുക |
|---|---|
| തിരുവനന്തപുരം | 1540759680 |
| കൊല്ലം | 956498636 |
| പത്തനംതിട്ട | 48392196 |
| ആലപ്പുഴ | 14620656 |
| കോട്ടയം | 113838088 |

| | |
|---|---|
| ഇടുക്കി | 2644244 |
| എറണാകുളം | 5854122597 |
| തൃശ്ശൂർ | 2131708266 |
| പാലക്കാട് | 34120309 |
| മലപ്പുറം | 114943066 |
| കോഴിക്കോട് | 703316174 |
| വയനാട് | 0 |
| കണ്ണൂർ | 3190079 |
| കാസറഗോഡ് | 34982459 |
| **ആകെ** | **11553136450** |

| | | |
|---|---|---|
| (സി) | പാട്ടക്കുടിശ്ശിക പിരിച്ചെടുക്കുന്നതിൽ ഉണ്ടായിട്ടുള്ള അലംഭാവത്തിന് കാരണമെന്താണ്; ഇത് പരിഹരിയ്ക്കുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ? | (സി) പാട്ടക്കുടിശ്ശിക പിരിച്ചെടുക്കുന്നതിന്റെ ഭാഗമായി ലാൻഡ് റവന്യൂ കമ്മീഷണറുടെ നിർദ്ദേശ പ്രകാരം പാട്ടക്കുടിശ്ശിക വരുത്തിയിട്ടുള്ള കേസുകളിൽ ഓരോ ജില്ലകളിലെയും പാട്ട കക്ഷികൾക്ക് നിയമാനുസൃത നോട്ടീസ് നൽകി ജില്ലാ കളക്ടർ നേരിൽ കേട്ട് പാട്ട കുടിശ്ശിക തിട്ടപ്പെടുത്തി ആയത് ഒടുക്കുന്നതിന് ഡിമാൻഡ് നോട്ടീസ് നൽകുകയും പാട്ട കക്ഷികൾ അവ അടയ്ക്കാത്ത പക്ഷം പാട്ടം റദ്ദ് ചെയ്ത് പാട്ട ഭൂമി സർക്കാരിലേയ്ക്ക് ഏറ്റെടുക്കുന്നതിന് ആവശ്യമായ ശുപാർശ സമർപ്പിക്കുന്നതിനും കുടിശ്ശികക്കാർക്കെതിരെ കേരള റവന്യൂ റിക്കവറി നിയമവും കേരള ഭൂസംരക്ഷണ നിയമവും പ്രകാരമുള്ള നിയമ നടപടികൾ സ്വീകരിക്കുന്നതിനും ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതാണ്. കൂടാതെ ബഹു. ധനകാര്യവകുപ്പ് മന്ത്രിയുടെ ബഡ്ജറ്റ് പ്രഖ്യാപന പ്രകാരം 15.02.2020 -ൽ സർക്കാർ പുറപ്പെടുവിച്ച ജി.ഒ (പി) 16/2020/റവ, ജി.ഒ (പി) 17/2020/റവ എന്നീ ഉത്തരവുകൾ പ്രകാരം പാട്ട കുടിശ്ശിക ഒറ്റതവണ തീർപ്പാക്കൽ പദ്ധതിയിലൂടെ തീർപ്പാക്കി കുടിശ്ശിക പുനർനിർണ്ണയം നടത്തി ഈടാക്കാൻ ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

(signature)

**സെക്ഷൻ ഓഫീസർ**